**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **19-01-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം എടച്ചേരിയിൽ രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | എടച്ചേരി രജിസ്റ്റർ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ; | (എ) | എടച്ചേരി രജിസ്റ്റർ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ ശിപാർശ ലഭിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്ത് സർവ്വെ നമ്പർ 163/5 ൽ ഉൾപ്പെട്ടതും എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് ഭൂമിയിൽ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിനുള്ള ഭരണ സമിതി തീരുമാനമാണ് സർക്കാരിൽ ലഭിച്ചിട്ടുള്ളത്. |
| (ബി) | മേൽ വിഷയത്തിൽ പഞ്ചായത്ത് വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ഭൂമി പഞ്ചായത്ത് ആർജ്ജിച്ചതാണോ നിക്ഷിപ്തമായ ഭൂമിയാണോ അതോ ഏതെങ്കിലും ആവശ്യത്തിനായി സർക്കാർ അനുവദിച്ച നൽകിയ ഭൂമിയാണോ എന്ന് വ്യക്തമാക്കാനും ഭൂമി ആർജ്ജിച്ചതാണെങ്കിൽ കരമടച്ച രസീതിന്റെ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ ബി.ടി.ആർ പകർപ്പ്, സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ പ്രൊപ്പോസൽ എന്നിവകൂടി ലഭ്യമാക്കാനും പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ നികുതി വകുപ്പിന്റെകൂടി അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. റിപ്പോർട്ടുകൾ പരിശോധിച്ച് മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയൂ. |
| (സി) | നാളിതുവരെ സ്ഥലം അനുവദിക്കാത്ത സാഹചര്യത്തിൽ അടിയന്തരമായി സ്ഥലം അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ? | (സി) | ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ഭൂമി പഞ്ചായത്ത് ആർജ്ജിച്ചതാണോ നിക്ഷിപ്തമായ ഭൂമിയാണോ അതോ ഏതെങ്കിലും ആവശ്യത്തിനായി സർക്കാർ അനുവദിച്ച നൽകിയ ഭൂമിയാണോ എന്ന് വ്യക്തമാക്കാനും ഭൂമി |

| | | | |
|---|---|---|---|
| | | | ആർജ്ജിച്ചതാണെങ്കിൽ കരമടച്ച രസീതിന്റെ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ ബി.ടി.ആർ പകർപ്പ്, സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ പ്രൊപ്പോസൽ എന്നിവകൂടി ലഭ്യമാക്കാനും പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ നികുതി വകുപ്പിന്റെകൂടി അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. റിപ്പോർട്ടുകൾ പരിശോധിച്ച് മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ